**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3902** — **21.06.2019 ൽ മറുപടിയ്ക്ക്**

## അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ അന്വേഷണം

**ചോദ്യം**

**ശ്രീ. ഒ.ആർ.കേളു**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ ഏതെങ്കിലും തരത്തിലുള്ള വകുപ്പുതല അന്വേഷണം നടന്നിട്ടുണ്ടോ ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടില്ല. |
| (ബി) | ഈ പരിപാടിയുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകൾ ഉണ്ടോ ; | (ബി) | ഈ പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (സി) | വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമാക്കാമോ ; | (സി) & (ഡി) | കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുമായി സഹകരിച്ച് നടത്തിയ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് ക്രമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി സർക്കാരിൽ ലഭിച്ച പരാതിയിന്മേൽ നടത്തിയ വിജിലൻസിന്റെ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിനും, ട്രൈബൽഫെസ്റ്റ് നടത്തിയതിൽ പ്രതിഫലം നൽകിയ ഇനത്തിൽ ചെലവാക്കിയ പണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വയനാട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിന് കേരള സംസ്ഥാന |
| (ഡി) | ഏതെങ്കിലും തരത്തിൽ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതായി യുവജനക്ഷേമ ബോർഡിന് ബോധ്യപ്പെട്ടിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ? | | |

| | | | |
|---|---|---|---|
| | | | യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം അന്വേഷണ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:- <br>1. ശ്രീ. വിനോദൻപൃഥിയിൽ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, വയനാട്. <br>2. ശ്രീ.ശങ്കർ എം. എസ്, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, പാലക്കാട് |

സെക്ഷൻ ഓഫീസർ